**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 992** **30-06-2022 - ൽ മറുപടിയ്ക്ക്**

**പുല്ലമ്പാറ ഗ്രാമപഞ്ചായത്തിലെ തോടുകളുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | മൈനർ ഇറിഗേഷൻ വകുപ്പിന്റെ എം.ഐ.ഡി. ടി.വി.പി.എം./2020/3443/ഐ.എ. തീയതി 24.08.2020-ലെ ഉത്തരവ് പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ പുല്ലമ്പാറ ഗ്രാമപഞ്ചായത്തിൽ കൃഷി ആവശ്യങ്ങൾക്കുള്ള നവീകരണത്തിനായി ശാസ്താംനട തോടിലുള്ള തടയണ നവീകരിക്കുന്നതിന് എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കാമോ; | (എ) | 15 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ പുരോഗതി റിപ്പോർട്ട് നൽകാമോ; | (ബി) | പ്രവൃത്തി 22/04/2021 ൽ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പഞ്ചായത്തിലെ അയ്യംപാറ ഉറവിട്ടിക്കോണം മൂഴി ഏലാ തോടിന്റെ പാർശ്വഭിത്തി നിർമ്മാണവും അറ്റകുറ്റപ്പണികളും (എം.ഐ.ഡി. ടി.വി.പി.എം./2021/1026/ഐ.എ. തീയതി 11.05.2021) എന്ന പ്രവൃത്തിയുടെ വിശദ വിവരങ്ങളും നിലവിലെ സ്ഥിതിയും അറിയിക്കാമോ? | (സി) | അയ്യംപാറ ഉരുവിറ്റികോണം മൂഴി ഏലാതോട്, പ്രസ്തുത പ്രദേശങ്ങളിലെ കർഷകർ അവരുടെ കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന തോടാണ്. കഴിഞ്ഞ കാലങ്ങളിലെ ശക്തമായ മഴയെതുടർന്ന് നിലവിലുണ്ടായിരുന്ന തോടിന്റെ DR സംരക്ഷണഭിത്തി ഇടിഞ്ഞുപോകുകയും ബാക്കിയുള്ള ബണ്ടിൽ സംരക്ഷണഭിത്തി ഇല്ലാത്തതുമൂലം തോടിന്റെ വശം ഇടിഞ്ഞ് കൃഷി സ്ഥലത്തേയ്ക്ക് വെള്ളം കയറി കൃഷി നശിക്കുകയും ചെയ്തു. ഇതിന് പരിഹാരമായി തോടിന്റെ ബണ്ട്സൈഡിൽ കോൺക്രീറ്റ് സംരക്ഷണഭിത്തി നിർമ്മിക്കുകയും പ്ലാസ്റ്ററിംഗ് ചെയ്ത് സംരക്ഷിക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിലെ അയ്യംപാറ ഉറവിട്ടിക്കോണം മൂഴി ഏലാ തോടിന്റെ പാർശ്വഭിത്തി നിർമ്മാണവും അറ്റകുറ്റപ്പണികളും(എം. ഐ. ഡി. ടി.വി.പി.എം/2021/1026/ഐ.എ. തീയതി 11.05.2021) എന്ന പ്രവൃത്തി 20/12/2021 ൽ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ